## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവുന്നു

# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം



ശ്രീ. പിണറായി വിജയൻ
കേരള മുഖ്യമന്ത്രി



ശ്രീ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസവകുപ്പുമന്ത്രി

## സംസ്ഥാനതല ഉദ്ഘാടനം

2017 ജനുവരി 27

**തിരുവനന്തപുരം, മലയിൻകീഴ് ഗവ. ഹയർ സെക്കന്ററി സ്കൂൾ അങ്കണത്തിൽ**

ജനപ്രതിനിധികളും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും സാമൂഹ്യ -സാംസ്കാരിക പ്രവർത്തകരും
പൊതുവിദ്യാലയ സംരക്ഷണ പ്രതിജ്ഞയെടുത്ത് കൈകോർക്കുന്നു.

പി.എൽ 1) /77458/2016/ ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 24/01/2017

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - സംബന്ധിച്ച്.

വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾ പ്രതീക്ഷിക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സമാരംഭം 2017 ജനുവരി 27 ന് കുറിയ്ക്കുകയാണല്ലോ. ഈ പരിപാടിയുടെ സ്കൂൾതല ഉദ്ഘാടന ചടങ്ങളുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ജനുവരി 27 രാവിലെ 10 മണിക്ക് സ്കൂൾ അസംബ്ലി വിളിച്ചുചേർത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടികളെ സംബന്ധിച്ച ഒരു ലഘു വിവരണം നടത്തണം. തുടർന്ന് ഗ്രീൻപ്രോട്ടോക്കോൾ പ്രഖ്യാപനം "ഈ വിദ്യാലയത്തിൽ ഇന്നുമുതൽ ഗ്രീൻപ്രോട്ടോക്കോൾ നിലവിൽ വന്നതായി പ്രഖ്യാപിക്കുന്നു" എന്ന പ്രഖ്യാപനത്തിനുശേഷം എന്താണ് ഗ്രീൻപ്രോട്ടോക്കോൾ എന്ന് വിശദമാക്കുന്ന കുറിപ്പ് സ്കൂൾ അസംബ്ലിയിൽ വായിക്കേണ്ടതാണ്.
- അസംബ്ലിക്കുശേഷം സാധാരണപോലെ ക്ലാസ്സുകൾ ആരംഭിക്കണം. കുട്ടികൾക്ക് ക്ലാസ്സ് ആരംഭിച്ചു കഴിഞ്ഞാൽ രക്ഷിതാക്കൾ, വികസന സമിതി അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ, നാട്ടുകാർ തുടങ്ങിയവർ ക്ലാസ്സിനു പുറത്ത് സ്കൂളിന്റെ സാധ്യതയ്ക്കനുസരിച്ച് നിന്നുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രതിജ്ഞ എടുക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകം തയ്യാറാക്കി തന്ന പ്രതിജ്ഞ തന്നെ ഇതിനായി ഉപയോഗിക്കേണ്ടതാണ്.
- വെള്ളിയാഴ്ച അവധി വരുന്ന സ്കൂളുകളിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഉദ്ഘാടന ചടങ്ങുകൾ നടത്തേണ്ടതാണ്.

**ജിമ്മി.കെ.ജോസ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(അക്കാദമിക്)**

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഡയറ്റ്പ്രിൻസിപ്പൽമാരും
എല്ലാ എസ്.എസ്.എ ജില്ലാ പ്രോഗ്രാം ആഫീസർമാരും

ഈ സർക്കുലർ എല്ലാ സ്കൂളുകളിലും എത്തിക്കേണ്ടതും നിർദ്ദേശങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @സ്കൂൾ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, വിക്ടേഴ്സ് ചാനലിൽ പ്രദർശിപ്പിക്കുന്നതിനും)

ബി.ഒ 20/ 9/2016

**"ഭരണഭാഷ മാതൃഭാഷ"**

**പി.എൽ(1)/77458/16 /ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 17.01.17.

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**

സർ,

വിഷയം : പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം – 2017 ജനുവരി 27 ന് ഉദ്ഘാടനം– ബാനർ പ്രദർശിപ്പിക്കുന്നത് –സംബന്ധിച്ച്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം **2017 ജനുവരി 27** ന് തിരുവനന്തപുരം മലയൻകീഴ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കുകയാണ്, അന്നേ ദിവസം എല്ലാ പൊതു വിദ്യാലയങ്ങളിലും പൊതു വിദ്യാഭ്യാസ സംരക്ഷണ വലയവും പ്രതിജ്ഞയും നടത്തേണ്ടതാണ്. ഇതു സംബന്ധമായ വിശദമായ സർക്കുലറുകൾ നേരത്തേ നല്കിയിരുന്നു. (സർക്കുലർ നമ്പർ SS1/1/2017 തീയതി 07.01.2017, പി.എൽ(1)/77458/16 /ഡി പി.ഐ തീയതി 23.12.2016)

ഇതിനോടനുബന്ധിച്ച് സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ട ബാനറിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു. **തുണിയിൽ വേണം ബാനർ തയ്യാറാക്കൽ.** ഇതിന്നാവശ്യമായ ചെലവ് പി.റ്റി.എ. ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. **22.01.2017 ന് മുമ്പായി നിശ്ചിത മാതൃകയിലുള്ള ബാനർ തയ്യാറാക്കി എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കേണ്ടതാണ്.**

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ് : എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

നമ്പർ : 14/ എം2/2017/പൊ.വി.വ. തീയതി, തിരുവനന്തപുരം, 16/01/2017

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) സ.ഉ(പി) നം.186/2016/പൊ.വി.വ. തീയതി 07.11.2016.
2) സ.ഉ(പി) നം.3390/2016/പൊ.വി.വ. തീയതി 14.10.2016.
3) സ.ഉ(പി) നം. 202/16/പൊവിവ. തീയതി 08.12.2016.
4) സ.ഉ(പി) നം. 203/16/പൊവിവ. തീയതി 08.12.2016.
5) സ.ഉ(പി) നം. 204/16/പൊവിവ. തീയതി 08.12.2016.
6) സ.ഉ(പി) നം. 205/16/പൊവിവ. തീയതി 08.12.2016.
7) 15.12.2016, 06.01.2017 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടിക്കുറിപ്പ്.

സൂചന(1)ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2017 ജനുവരി 27ന് മലപ്പുറം ജില്ലയിലെ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

1) പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ദിവസം രാവിലെ കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ വലയവും പ്രതിജ്ഞയും നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ പഞ്ചായത്ത് തലത്തിലും സ്കൂൾ തലത്തിലും ഏറ്റെടുക്കേണ്ടതാണ്.

2) ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ ബഹുജന പ്രസ്ഥാനങ്ങൾ, യുവജന സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ, പി.ടി.എ, എസ്.എം.സി. പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, അദ്ധ്യാപക പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, സാക്ഷരതാ പ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തുതല ആലോചനാ യോഗം ചേരേണ്ടതും പഞ്ചായത്ത് തലത്തിൽ പദ്ധതിയുടെ പ്രചാരണം നടത്തേണ്ടതുമാണ്. ഓരോ വാർഡിലുമുള്ള വിദ്യാലയങ്ങളിലെ സംരക്ഷണ ശൃംഖല വിജയിപ്പിക്കുന്നതിനായി മേൽ പരാമർശിച്ചിരിക്കുന്ന സംഘടനകൾ അംഗങ്ങളെ നിയോഗിക്കേണ്ടതാണ്.

3) 2017 ജനുവരി 18-ാം തീയതിക്കുള്ളിൽതന്നെ പി.ടി.എ, എസ്.എം.സി. യോഗം ചേരുകയും സംഘാടക സമിതി 2017 ജനുവരി 23-ാം തീയതി ചേരുന്നതിനുള്ള ക്രമീകരണം നടത്തുകയും വേണം. പ്രസ്തുത സമിതി പ്രദേശത്തെ സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസ

പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ, സാക്ഷരതാ പ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ഓരോരുത്തർക്കും പദ്ധതി ഉദ്ഘാടനം സംബന്ധിച്ച അറിയിപ്പ് നൽകുന്നതിന് സംഘാടക സമിതി അംഗങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4) പി.ടി.എ, എസ്.എം.സി. യോഗം ചേർന്ന് പ്രാദേശിക തലത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ ശൃംഘലയ്ക്കുശേഷം നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

5) പഞ്ചായത്തുതലയോഗം ചേരേണ്ടതിനുള്ള ക്രമീകരണങ്ങൾ എസ്.എസ്.എ. നടത്തേണ്ടതാണ്.

6) ഉപജില്ലാ തലത്തിൽ പ്രഥമാദ്ധ്യാപകയോഗം വിളിച്ച് സ്കൂൾതലങ്ങളിൽ പരിപാടികൾ നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

**ഉഷാ ടൈറ്റസ്**
സെക്രട്ടറി

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ASAP, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ.മാർക്കും (ഡി.പി.ഐ.മുഖേന)
എല്ലാ ഡി.ഇ.ഒ.മാർക്കും (ഡി.പി.ഐ.മുഖേന)
തദ്ദേശസ്വയംഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheela H

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം PL1/77458/16 Dated 17.1.17

അടിയന്തിര നടപടികൾക്കുവേണ്ടി സർക്കുലർ
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
നൽകാം

JIMMY K JOSE
ADPI (Acad)

നമ്പർ എസ്.എസ്.1/01/2017 പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 07-01-2017

## സർക്കുലർ

വിഷയം: പൊതുവിദ്യാലയ സംരക്ഷണ യജ്ഞം-സംബന്ധിച്ച്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ജനുവരി 27 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലും അധ്യയനത്തിന് തടസ്സം വരാത്ത വിധത്തിൽ സ്കൂൾ തലത്തിൽ പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന് തുടക്കം കുറിക്കേണ്ടതാണ്. ഇതിനു മുന്നോടിയായി എല്ലാ വിദ്യാലയങ്ങളിലും അധ്യാപക രക്ഷാകർതൃസമിതിയും, പുർവ്വ വിദ്യാർത്ഥി സമിതിയും വിളിച്ചുകൂട്ടി ഇതു സംബന്ധിച്ച് ആശയവിനിമയം നടത്തേണ്ടതാണ്. 27-01-2017-ന് രാവിലെ 10 മണിക്ക് രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളും, വിദ്യാലയ അഭ്യുദയകാംക്ഷികളും ചേർന്ന് പൊതുവിദ്യാലയങ്ങളെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടമായി നീക്കം ചെയ്ത് ഒരിടത്ത് സ്വരൂപിക്കേണ്ടതും ശുചിത്വമിഷൻ അധികൃതരുമായി ബന്ധപ്പെട്ട് അതു സ്കൂൾ കാമ്പസിൽ നിന്ന് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്ത ശേഷം 11 മണിക്ക് ജനപ്രതിനിധികളും രക്ഷിതാക്കളും പൂർവ്വ വിദ്യാർത്ഥികളും വിദ്യാലയ അഭ്യുദയകാംക്ഷികളും സ്ഥലത്തെ സാമൂഹിക-സാംസ്കാരിക പ്രവർത്തകരും ചേർന്ന് പരസ്പരം കൈകോർത്ത് സ്കൂളിന് വലയം തീർത്തുകൊണ്ട് പൊതുവിദ്യാലയ സംരക്ഷണ പ്രതിജ്ഞ എടുത്ത് .യജ്ഞത്തിന് തുടക്കം കുറിക്കേണ്ടതാണ്. പൊതുവിദ്യാലയങ്ങളെ തങ്ങൾ സംരക്ഷിക്കുമെന്നും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനത്തിൽ നിന്നും വിദ്യാർത്ഥികളെ സംരക്ഷിക്കുമെന്നും വിദ്യാലയ അന്തരീക്ഷത്തെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുമെന്നും ജൈവവൈവിധ്യതയുടെ തണലും തണുപ്പും നൽകി വിദ്യാലയങ്ങളെ ഹരിതാഭമാക്കുമെന്നുമുള്ള ആശയങ്ങളുൾക്കൊള്ളുന്നതാ

യിരിക്കണം പ്രതിജ്ഞ. ഇതിനായി വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച പ്രതിജ്ഞ ഇതോടൊപ്പം ചേർക്കുന്നു.

പരസ്പരം കൈകോർത്ത് പ്രതിജ്ഞ എടുത്തശേഷം ഉദ്ഘാടന നടപടികൾ അവസാനിപ്പിക്കാവുന്നതാണ്. അധ്യയനത്തെ ബാധിക്കുന്ന തരത്തിൽ മൈക്ക് ഉപയോഗിച്ച് യോഗങ്ങൾ നടത്തുകയോ പ്രസംഗങ്ങൾ നടത്തുകയോ ചെയ്യേണ്ടതില്ല.

പൊതുവിദ്യാലയസംരക്ഷണയജ്ഞമെന്ന മഹത് സംരംഭത്തിന് തുടക്കം കുറിക്കുന്ന ഈ ചടങ്ങ് നിശ്ചിത സമയത്തുതന്നെ എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടത്തുന്നതിന് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. എ.ഇ.ഒ. മാരും, ഡി.ഇ.ഒ. മാരും ഇതിനു മേൽനോട്ടം വഹിക്കേണ്ടതാണ്. എ.ഇ..ഒ., ഡി.ഇ.ഒ., വി.ദ്യാഭ്യാസഉപഡയറക്ടർ എന്നിവർ അവരുടെ പ്രവർത്തന പരിധിയിലുള്ള ഏതെങ്കിലും ഒരു വിദ്യാലയത്തിൽ നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പൊതുവിദ്യാലയസംരക്ഷണയജ്ഞം ഉദ്ഘാടനം സംബന്ധിച്ച് ബാനർ തുണിയിൽ തയ്യാറാക്കി വിദ്യാലയങ്ങളുടെ മുൻഭാഗത്ത് പ്രദർശിപ്പിക്കേണ്ടതാണ്. ബാനറിന്റെ മാതൃക നൽകുന്നതാണ്.

തങ്ങളുടെ പരിധിയിൽ ഉള്ള എല്ലാ വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ മാതൃകയിൽ ഉദ്ഘാടന ചടങ്ങ് നടത്തിയതായി ബന്ധപ്പെട്ട വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും വിദ്യാഭ്യാസജില്ലാതലത്തിലും റവന്യൂജില്ലാതലത്തിലും ഇതു സംബന്ധിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ 27-01-2017-ന് വൈകുന്നേരം 5 മണിക്കുമുമ്പായി ഡി.പിഐ. സീക്രട്ട് സെക്ഷനിലേക്ക് മെയിൽ അയയ്ക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്,

| | |
|---|---|
| എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും<br>എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും<br>എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും<br>എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാരും<br>എല്ലാ എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ആഫീസർമാരും | ഈ സർക്കുലർ ബന്ധപ്പെട്ട വിദ്യാഭ്യാ ആഫീസർമാർ അവരവരുടെ പരിധിയിൽ ഉള്ള സ്കൂളുകളിൽ എത്തി |

ക്കേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിലേക്ക് ഡി.ഇ.ഒ. മാർ അടിയന്തിരമായി പ്രധമാധ്യാപകയോഗം വിളിച്ചുകൂട്ടി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

പ്രതിജ്ഞ

'പൊതുവിദ്യാലയങ്ങൾ ഈ നാടിന്റെ സൗഭാഗ്യമാണ്. നമ്മുടെ മതേതര ജീവിതത്തിന്റെ പ്രതീകങ്ങളാണ്. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാത്ത ഈ അക്ഷരമുറ്റങ്ങളിലാണ് നമ്മുടെ ബാല്യകൗമാരങ്ങൾ പിന്നിട്ടത്. നമ്മളൊന്നാണെന്ന ബോധം നമുക്ക് പകർന്നുകിട്ടിയത് പൊതുവിദ്യാലയങ്ങളുടെ അകത്തളങ്ങളിൽ നിന്നാണ്. പൊതുവിദ്യാഭ്യാസത്തിന്റെ കരുത്തിലാണ് നമ്മൾ ലോകത്തോളം വളർന്നത്. മാനവികതയുടെ മഹാമൂല്യങ്ങളാണ് ഈ മതേതരപൊതുമണ്ഡലത്തിന്റെ മഹത്വം. നമ്മുടെ ചിന്തകൾക്കും ബോധ്യങ്ങൾക്കും അറിവിന്റെ തിളക്കം നൽകിയ പൊതുവിദ്യാഭ്യാസ മേഖലയെ തകരാനനുവദിച്ചുകൂട. മദ്യവും മയക്കുമരുന്നും നമ്മുടെ കുട്ടികളെ വഴിപിഴപ്പിച്ചുകൂട. ഇവയുടെ വർദ്ധിച്ചുവരുന്ന സ്വാധീനങ്ങളിൽനിന്നും പൊതുകലാലയങ്ങളെ നാം സംരക്ഷിക്കും. ഇവ സ്കൂളുകളിൽ വിതരണം ചെയ്യാൻ ശ്രമിക്കുന്ന സാമൂഹ്യവിരുദ്ധശക്തികളെ കണ്ടെത്തി ഒറ്റപ്പെടുത്തും. നമ്മുടെ ഭൂമിക്ക് വിനാശകരമായ പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ഇനി ഈ അക്ഷരമുറ്റങ്ങളിൽ സ്ഥാനമുണ്ടാകില്ല. വിദ്യാലയങ്ങളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കി ഞങ്ങൾ നിലനിർത്തും. ജൈവവൈവിധ്യതയുടെ തണലും തണുപ്പും നൽകി വിദ്യാലയ അന്തരീക്ഷം ഹരിതാഭമാക്കും. കുട്ടികളെ നാടിനും വീടിനും ഉതകുന്ന നല്ല മനുഷ്യരാക്കി മാറ്റാനുള്ള പഠനപ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും സാമൂഹ്യ വികാസത്തിന്റെ അടിയത്തറയായ നമ്മുടെ പൊതുവിദ്യാഭ്യാസമേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള മഹായജ്ഞത്തിന് ഇന്ന് തുടക്കം കുറിക്കുന്നു. നാടിന്റെ നന്മ കാക്കാനുള്ള ഈ ജനകീയ യജ്ഞത്തിൽ ഒറ്റമനസ്സോടെ അണിചേരുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ'